ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ വികസനം

120 [574] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിന്ന് 3 വർഷത്തിനു മുമ്പ് എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു;

(ബി) ഇപ്പോൾ എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(സി) പ്രസ്തുത സബ്ഡിപ്പോയിൽ ഇപ്പോൾ എന്തൊക്കെ വികസനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 34 സർവ്വീസുകൾ.

(ബി) 34 സർവ്വീസുകൾ.

(സി) വിപുലീകരണ പദ്ധതികൾ ഉടൻ ഉദ്ദേശിക്കുന്നില്ല.

ഹരിപ്പാട് കെ.എസ്.ആർ.ടി.സി. സ്റ്റേഷനിലെ ദീർഘദൂര ബസ്സുകൾ

121 [575] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽ നിന്നും ദീർഘദൂര ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നത് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ നിന്ന് ദീർഘദൂര ബസ്സുകൾ കൂടുതൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ ഡിപ്പോയ്ക്ക് സൂപ്പർ ഫാസ്റ്റ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഹരിപ്പാട് നിന്നും കോട്ടയത്തേയ്ക്കും തിരുവനന്തപുരത്തേയ്ക്കും രണ്ട് സർവ്വീസുകൾ വീതവും തൃശ്ശൂരിലേയ്ക്ക് ഒരു സർവ്വീസും നടത്തുന്നുണ്ട്. മറ്റു ഡിപ്പോകളിൽ നിന്നുള്ള എല്ലാ ദീർഘദൂര സർവ്വീസുകളും ഹരിപ്പാട് ഡിപ്പോയിൽ കൂടിയാണ് സർവ്വീസ് നടത്തുന്നത്.

(സി) ഹരിപ്പാട് നിന്നും സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ തുടങ്ങേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly